# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 530

02.07.2019-ലെ മറുപടി

## കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അൻവർ സാദത്ത്<br>,, എം. വിൻസെന്റ്<br>,, ഐ.സി.ബാലകൃഷ്ണൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കുട്ടനാട്ടിൽ ജലവിതരണം നടത്തുന്നത് നീരേറ്റുപുറത്തുള്ള (പ്രതിദിനം 14 ദശലക്ഷം ലിറ്റർ ശേഷിയുള്ള) ശുദ്ധീകരണ ശാലയിൽ നിന്നും, തിരുവല്ല - കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിന്റെ ജല ശുദ്ധീകരണ ശാലയിൽ നിന്നും, (6 MLD) 26 ട്യൂബ് വെല്ലുകളിൽ നിന്നും (6 MLD) ആണ്. കൂടാതെ 8 റിവേഴ്സ് ഓസ്മോസിസ് (R.O) പ്ലാന്റുകൾ വഴിയും കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>• പ്രളയാനന്തരം ബഹു. സുരേഷ് ഗോപി എം.പിയുടെ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു R.O പ്ലാന്റ്.<br>• പിരമൽ ഫൗണ്ടേഷന്റെ (പ്രളയത്തിനുശേഷം) 10 R.O. പ്ലാന്റുകൾ.<br>• തെലുങ്കാന ഗവൺമെന്റ് നൽകിയ 4 R.O. പ്ലാന്റുകളും, (ഓരോ യൂണിറ്റും 10000 ലിറ്റർ പ്രതിദിന ശേഷി) മണിക്കൂറിൽ 15,000 ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഉയർന്ന ശേഷിയുള്ള അൾട്രാ ഫിൽറ്ററും (കൈനകരി ഗ്രാമപഞ്ചായത്തിൽ) പ്രളയാനന്തരം ജല അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്.<br>• ബഹു. എ.കെ.ആന്റണി എം.പി.യുടെ ഫണ്ടിൽ ഉൾപ്പെടുത്തി 5 R.O. പ്ലാന്റുകളുടെ പ്രവർത്തി പുരോഗമിച്ചു വരുന്നു. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | • 8 ട്യൂബ് വെല്ലുകൾ പുതുതായി സ്ഥാപിക്കുന്നതിന് ഫ്ലഡ്ഡിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു.<br><br>കുട്ടനാട് പ്രദേശത്തെ തകഴി, വീയപുരം, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നീ 13 പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം ലക്ഷ്യമിട്ട് 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള 70 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കുട്ടനാട് കുടിവെള്ള പദ്ധതിക്കായുള്ള 289 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബി ധനസഹായം നൽകുന്നതിനായി അംഗീകരിച്ചിട്ടുണ്ട്. അടിയന്തിരമായി പദ്ധതി പൂർത്തീകരണത്തിനായുള്ള പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. പദ്ധതി പൂർത്തീകരണ കാലയളവിൽ ബദൽ സംവിധാനമായി 9 കോടി രൂപ ചെലവിൽ MPLADS പദ്ധതിയിൽപ്പെടുത്തി (എല്ലാ M.P മാരുടെയും സഹായത്തോടു കൂടി) ആവശ്യമായ സ്ഥലങ്ങളിൽ ജില്ലാ കളക്ടർ മുഖേന റിവേഴ്സ് ഓസ്മോസിസ് (R.O) പ്ലാന്റുകൾ സ്ഥാപിക്കുന്നതും പരിഗണനയിലുണ്ട്.<br>ഭൂജല വകുപ്പ് മുഖേന നെടുമുടി പഞ്ചായത്തിലെ പള്ളൂരാംഭാഗം (അടങ്കൽ തുക 14 ലക്ഷം രൂപ), തകഴി പഞ്ചായത്തിലെ കരുമാടി ഹൈസ്കൂളിന് സമീപം (അടങ്കൽ തുക 8.85 ലക്ഷം രൂപ), എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ കുട്ടനാട്ടിലെ ഭൂരിപക്ഷം കിണറുകളും ഉപയോഗ ശൂന്യമാകുകയോ മലിനപ്പെടുകയോ ചെയ്ത സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്ടിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | ഉണ്ട്; കുട്ടനാട്ടിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ജലവിതരണ പദ്ധതികളുടെ സ്രോതസ്സിൽ അടിഞ്ഞു കൂടിയ ചെളിയും മാലിന്യവും നീക്കം ചെയ്ത് പ്രളയ പൂർവ സ്ഥിതിയിലാക്കിയിട്ടുണ്ട്. സ്രോതസ്സുകൾ വൃത്തിയാക്കി വിതരണ കുഴലുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്ത് അണുവിമുക്തമാക്കിയതിനു ശേഷം ശുദ്ധീകരിച്ച ജലം വിതരണം ചെയ്തുവരുന്നു. ശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധീകരിച്ച ജലവും, ശുദ്ധീകരണ ശാലകൾ ഇല്ലാത്ത പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡർ ചേർത്ത് അണുവിമുക്തമാക്കിയ ജലവുമാണ് വിതരണം ചെയ്തുവരുന്നത്. കൂടാതെ കേടായ വിതരണ കുഴലുകൾ മാറ്റിയും ലീക്കുകൾ പരിഹരിച്ചും ജലവിതരണം |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കാര്യക്ഷമമാക്കി നടത്തിവരുന്നു. പ്രളയത്തെ തുടർന്ന് 3606. 865 കിലോ ലിറ്റർ ജലം വാട്ടർ അതോറിറ്റിയും 11786.9 കിലോ ലിറ്റർ ജലം പഞ്ചായത്തുകൾ വഴിയും ടാങ്കർ ലോറികളിൽ 19/08/2018 മുതൽ 30/10/2018 വരെ കുട്ടനാട്ടിൽ വിതരണം ചെയ്തു.<br>ഭൂജല വകുപ്പ് മുഖേന പ്രളയ ബാധിത പ്രദേശത്തെ ഉപയോഗശൂന്യമാകുകയും മലിനപ്പെട്ടുകയും ചെയ്ത കുഴൽകിണറുകൾ വൃത്തിയാക്കി ശുദ്ധജലം ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (സി) | തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്ത് അടിഞ്ഞ് കൂടിയ മണൽത്തിട്ട നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി പൊഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള മൺചിറ നീക്കം ചെയ്യുന്നതിന് താൽപര്യപത്രം ക്ഷണിക്കുകയും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) എന്ന പൊതുമേഖലാ സ്ഥാപനത്തിനെ ചുമതലപ്പെടുത്തിക്കൊണ്ട് 31/05/2019-ലെ സ.ഉ(സാധ.)നം.385/2019/ജ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പ് വെച്ച് മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കാലവർഷാരംഭത്തിൽ തന്നെ പൊഴിമുഖം അടച്ച് കൊണ്ട് രൂപപ്പെടുന്ന മണൽതിട്ട മുറിച്ചുവിടുന്ന പ്രവൃത്തി ഈ വർഷവും നടപ്പിലാക്കി വരുന്നു. |
| (ഡി) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ? | (ഡി) | ഉണ്ട്; കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനായി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയുടെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. അതിൽ പാക്കേജ് I - ട്രാൻസ്മിഷൻ സിസ്റ്റം I - എടത്വ മുതൽ വീയപുരം വരെയും കിടങ്ങറ മുതൽ നീലംപേരൂർ വരെയും ജലവാഹിനി കുഴൽ ഇടുന്ന പ്രവർത്തി പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കുട്ടനാട് കുടിവെള്ള പദ്ധതിക്കായുള്ള 289 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബി ധനസഹായം നൽകുന്നതിനായി അംഗീകരിച്ചിട്ടുണ്ട്. അടിയന്തിരമായി പദ്ധതി പൂർത്തീകരണത്തിനായുള്ള പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## കുട്ടനാട് ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി (13- ാം ധനകാര്യ കമ്മീഷൻ)

കുട്ടനാട് പ്രദേശത്തെ തകഴി, വീയപുരം, എടത്വ, തലവടി. മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നീ 13 പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം ലക്ഷ്യമിട്ട് 13- ാം ധനകാര്യ കമ്മീഷന്റെ ധന സഹായത്തോടെയുള്ള 70 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പ്രവൃത്തികളുടെ വിശദ വിവരം

1. ക്ലിയർവാട്ടർ ട്രാൻസ്മിഷൻ ലൈൻ - സിസ്റ്റം-1 (വീയപുരം, നീലംപേരൂർ ജല സംഭരണികളിൽ ജലം എത്തിക്കുന്ന പൈപ്പ് ലൈനുകൾ)

| | | |
|---|---|---|
| അംഗീകരിച്ച അടങ്കൽ തുക | - | 1046.6 ലക്ഷം. |
| ട്രാൻസ്മിഷൻ ലൈനിന്റെ സൈസ് | - | 225 മില്ലി മീറ്റർ മുതൽ 500 മില്ലി മീറ്റർ HDPE പൈപ്പ് |
| ട്രാൻസ്മിഷൻ ലൈനിന്റെ ആകെ നീളം | - | 27.2 കിലോ മീറ്റർ |

പണികൾ പൂർത്തികരിച്ച് ചാർജിംങ്ങും കമ്മീഷനിംഗും ജോലികൾ നടന്നു വരുന്നു.

2. ക്ലിയർവാട്ടർ ട്രാൻസ്മിഷൻ ലൈൻ -സിസ്റ്റം – 2 (രാമങ്കരി, ചമ്പക്കുളം. പുളിങ്കുന്ന്. കാവാലം, നെടുമുടി, കൈനകരി ജല സംഭരണികളിൽ ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ).

| | | |
|---|---|---|
| അംഗീകരിച്ച അടങ്കൽ തുക | - | 2728.4 ലക്ഷം. |
| ട്രാൻസ്മിഷൻ ലൈനിന്റെ സൈസ് | - | 200 മില്ലി മീറ്റർ മുതൽ 800 മില്ലി മീറ്റർ HDPE പൈപ്പ് |
| ട്രാൻസ്മിഷൻ ലൈനിന്റെ ആകെ നീളം | - | 17.8 കിലോ മീറ്റർ |

പണികൾ പൂർത്തികരിച്ച് ചാർജിംങ്ങും കമ്മീഷനിംഗും ജോലികൾ നടന്നു വരുന്നു.

3. വിതരണ ശൃംഖല-1-തകഴി, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയിൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതും തകഴിയിലെ ഉന്നതതല സംഭരണിയുടെ നിർമ്മാണവും.

| | | |
|---|---|---|
| അംഗീകരിച്ച അടങ്കൽ തുക | - | 1648 ലക്ഷം. |
| വിതരണ ശൃംഖലയുടെ സൈസ് | - | 75 മില്ലി മീറ്റർ മുതൽ 500 മില്ലി മീറ്റർ HDPE പൈപ്പ്, 150 മില്ലി മീറ്റർ മുതൽ 350 മില്ലി മീറ്റർ ഡി.ഐ പൈപ്പ് |
| വിതരണശൃംഖലയുടെആകെ നീളം | - | 48.85 കിലോ മീറ്റർ |
| വിതരണശൃംഖല പൂർത്തീകരിച്ചത് | - | 35 കിലോ മീറ്റർ |

4.5 ലക്ഷം ശേഷിയുള്ള ഉന്നതല ജല സംഭരണിയുടെ പണികൾ പൂർത്തികരിച്ച് വരുന്നു. (9.5 മീറ്റർ ഉയരം )

പ്രസ്തുത പദ്ധതിക്ക് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് പാക്കേജുകളിലുമായി റോഡ് പുനരുദ്ധാരണത്തിന് അടച്ച തുക ഉൾപ്പെടെ ഇതുവരെ ചെലവായ തുക 5171.71 ലക്ഷം രൂപ.

**സെക്ഷൻ ഓഫീസർ**